
# അനുബന്ധ പഠനങ്ങൾ


ക്രിസ്തുവിന്റെ
കാലത്തിലെ
പാലസ്തീൻ
സിറിയ
സിദോൻ
ഫൊയ്നിക്യ
സോർ
ഹെർമോൻ മല
കൈസര്യ ഫിലിപ്പി
ബാഷാൻ ജില്ല
ഗലീലി
ബേത്ത്സെയിദ?
കഫർന്നഹൂം
ബേത്ത്സെയിദ–
യൂലിയാസ്
മഗ്ദല
ഗലീലി
കടൽ
തിബര്യാസ്
നസറെത്ത്
ദെക്കപ്പൊലിസ്
ശമര്യ
മഹാനദി
യോർദ്ദാൻ നദി
പെരെയ
യെരുശലേം
യെഹൂദ്യ
ചാവു
കടൽ
മഖീരസ്

# യേശുവിന്റെ അത്ഭുതങ്ങൾ

| | *മത്തായി* | *മർക്കൊസ്* | *ലൂക്കൊസ്* | *യോഹന്നാൻ* |
|---|---|---|---|---|
| വെള്ളം വീഞ്ഞാക്കി മാറ്റൽ | | | | 2:1–11 |
| കഫർന്നഹൂമിൽ ഭൂതത്തെ പുറത്താക്കൽ | | 1:23–26 | 4:33–35 | |
| പത്രൊസിന്റെ അമ്മായി-അമ്മ-യെ സൗഖ്യമാക്കൽ | 8:14–17 | 1:29–31 | 4:38, 39 | |
| അത്ഭുതകരമായി മീൻ പിടിച്ചു നൽകൽ | | | 5:1–11 | |
| ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കൽ | 8:2–4 | 1:40–45 | 5:12–16 | |
| ഒരു പക്ഷവാതരോഗിയെ സൗഖ്യമാക്കൽ | 9:1–8 | 2:1–12 | 5:17–26 | |
| വരണ്ട കയ്യുള്ള മനുഷ്യനെ സൗഖ്യമാക്കൽ | 12:10–13 | 3:1–5 | 6:6–11 | |
| ഒരു ശതാധിപന്റെ ഭൃത്യനെ സൗഖ്യമാക്കൽ | 8:5–13 | | 7:1–10 | |
| ഒരു വിധവയുടെ മകനെ ഉയർപ്പിക്കൽ | | | 7:11–17 | |
| കാറ്റിനെ ശാന്തമാക്കൽ | 8:23–27 | 4:37–41 | 8:22–25 | |
| ഗദെരേന്യയിലെ ഭൂതബാധിതരെ സൗഖ്യമാക്കൽ | 8:28–34 | 5:1–20 | 8:26–39 | |
| രക്തസ്രവമുള്ളവളെ സൗഖ്യമാക്കലും യായിറോസിന്റെ മകളെ ഉയർപ്പിക്കുന്നതും | 9:18–26 | 5:21–43 | 8:40–56 | |
| രണ്ടു കുരുടന്മാരെ സൗഖ്യമാക്കൽ | 9:27–31 | | | |
| ഒരു ഊമനെ സൗഖ്യമാക്കൽ | 9:32, 33 | | | |
| പ്രമാണിയുടെ മകനെ സൗഖ്യമാക്കൽ | | | | 4:46–54 |
| ഒരു മുടന്തനെ സൗഖ്യമാക്കൽ | | | | 5:1–9 |
| അയ്യായിരം പേരെ പോഷിപ്പിക്കൽ | 14:15–21 | 6:35–44 | 9:10–17 | 6:1–14 |
| വെള്ളത്തിൻമീതെ നടക്കൽ | 14:25–33 | 6:48–52 | | 6:16–21 |

| | | | | |
|---|---|---|---|---|
| നാലായിരം പേരെ പോഷിപ്പിക്കൽ | 15:32–39 | 8:1–9 | | |
| ഒരു മീനിന്റെ വായിൽനിന്നു നികുതി | | | | |
| കൊടുക്കുവാനുള്ള പണം ലഭിക്കൽ | 17:24–27 | | | |
| ഒരു ഭൂതത്തെ പുറത്താക്കൽ | 12:22, 23 | | 11:14 | |
| ഒരു കനാന്യസ്ത്രീയുടെ മകളെ | | | | |
| സൗഖ്യമാക്കൽ | 15:21–28 | 7:24–30 | | |
| ഒരു ചെകിടനെ സൗഖ്യമാക്കൽ | | 7:31–37 | | |
| ഒരു കുരുടനെ സൗഖ്യമാക്കൽ | | 8:22–26 | | |
| ഒരു ഭൂതം-ബാധിച്ച കുട്ടിയെ | | | | |
| സൗഖ്യമാക്കൽ | 17:14–18 | 9:14–29 | 9:37–43 | |
| ഒരു മുടന്തിയെ സൗഖ്യമാക്കൽ | | | 13:11–17 | |
| മഹോദരമുള്ളോരു മനുഷ്യനെ | | | | |
| സൗഖ്യമാക്കൽ | | | 14:1–6 | |
| പത്തു കുഷ്ഠരോഗികളെ | | | | |
| സൗഖ്യമാക്കൽ | | | 17:11–19 | |
| പിറവിയിലേ കുരുടനായവനെ | | | | |
| സൗഖ്യമാക്കൽ | | | | 9:1–7 |
| ലാസറിനെ ഉയർപ്പിക്കൽ | | | | 11:1–45 |
| രണ്ടു കുരുടന്മാരെ സൗഖ്യമാക്കൽ | 20:29–34 | 10:46–52 | 18:35–43 | |
| അത്തിയെ ശപിക്കൽ | 21:18–22 | 11:12–14 | | |
| മൽക്കൊസിന്റെ ചെവി ശരിയാക്കൽ | | | 22:50, 51 | |
| അത്ഭുതകരമായി മീൻ പിടിച്ചു നൽകൽ | | | | 21:1–14 |

# പരീശന്മാർക്ക് ഇടർച്ച നേരിട്ടപ്പോൾ

## (മത്താ. 15:12-14)

അവർ തങ്ങളുടെ സമ്പ്രദായങ്ങളാൽ ദൈവവചനത്തെ ദുർബ്ബലമാക്കുന്നു എന്നാണ് പരീശന്മാരോട് യേശു പറഞ്ഞതു (മത്തായി 15:3–6). യെശയ്യാവ് കുറ്റപ്പെടുത്തിയതുപോലെ അവരെ അവൻ "കപട ഭക്തിക്കാർ" എന്നാണ് വിളിച്ചത് (മത്തായി 15:7–9). പിന്നീട്, അവനും തന്റെ ശിഷ്യന്മാരും പുരുഷാരത്തെ വിട്ടുപോയപ്പോൾ (മർക്കൊസ് 7:17), അവർ അവനോട്, "പരീശന്മാർ ഈ വാക്കു കേട്ട് ഇടറിപ്പോയി എന്നു അറിയുന്നുവോ?" എന്നു ചോദിച്ചു (മത്തായി 15:12). മുഴുവൻ സത്യവും വെളിപ്പെടുത്താത്ത ഒരു പ്രസ്താവനയായിരുന്നു അതെന്നു ഞാൻ ഊഹിക്കുന്നു; ഒരുപക്ഷെ ആ മതാദ്ധ്യക്ഷന്മാർ ആ വിധത്തി ലായിരിക്കും ജീവിച്ചത്!

ഒരു നിയമമായി, മറ്റുള്ളവർക്ക് ഇടർച്ച വരുത്തരുത് എന്നാണ്, ബൈബിൾ പഠിപ്പിക്കുന്നത് (നോക്കുക മത്തായി 17:27; 18:6; റോമർ 14:21; 1 കൊരിന്ത്യർ 8:13; കെജെവി[1]). എങ്ങനെയായാലും, യെഹൂദ ന്മാർക്ക് യേശുവിന്റെ പ്രസ്താവന ഇടർച്ചയായതുപോലെ, എന്തു പറഞ്ഞാലും, ചെയ്താലും ചിലർക്ക് ഇടർച്ചയാകും (മത്തായി 13:57; മർക്കൊസ് 6:3). മനുഷ്യനിലുള്ളതു അറിയാമായിരുന്നതുകൊണ്ട് (യോഹന്നാൻ 2:24, 25), പരീശന്മാരുടെ ഹൃദയങ്ങളെ കണ്ടതുകൊണ്ട് അവരുടെ പക മാറുന്നതല്ലെന്നു തിരിച്ചറിഞ്ഞു. അവന്റെ വാക്കുകൾ പ്രാഥമികമായി ശ്രദ്ധിക്കുന്നവർക്ക് ഉപകാരപ്രദമാകേണ്ടതിനു, ആ കപടഭക്തിക്കാരായ ഉപദേഷ്ടാക്കന്മാരുടെ സ്വാധീനത്തിലകപ്പെടാ തിരിക്കുന്നതിനുള്ള മുന്നറിയിപ്പായിരുന്നു (മത്തായി 16:6, 12). സത്യം തുറന്നു സംസാരിച്ച യേശുവിന്റെ മാതൃക വെച്ചുകൊണ്ട് നമ്മുടെ ഉപദേശത്തിൽ മറ്റുള്ളവർക്ക് ഇടർച്ച വരുത്തുവാൻ നമുക്ക് അവകാ ശമുണ്ടോ? ഇല്ല, നിങ്ങൾക്കും എനിക്കും മറ്റുള്ളവരുടെ ഹൃദയത്തിലുള്ളത് അറിയു*കയില്ല* അവരുടെ ഹൃദയം അറിയുവാൻ കഴിയു*കയുമില്ല*. നാം എല്ലായ്പ്പോഴും "*സ്നേഹത്തിൽ* സത്യം" സംസാരിക്കണം (എഫെസ്യർ 4:15; എംഫസിസ് മൈൻ).

യേശുവിൽ ഇടറിയ പരീശന്മാരെ കുറിച്ച് യേശു ഉൽക്കണ്ഠപ്പെട്ടില്ല, പക്ഷെ ശിഷ്യന്മാർ അതിനെക്കുറിച്ച് വിചാരപ്പെട്ടിരുന്നു. ആ പണ്ഡിതന്മാരെ ബഹുമാനിക്കണം എന്നായിരുന്നു അവർ യുവത്വം മുതൽ പഠിച്ചിരുന്നത്. കൂടാതെ, അവർക്ക് എത്രമാത്രം സ്വാധീനമുണ്ടെന്നും അവർക്ക് അറിയാമായിരുന്നു – തങ്ങളുടെ യജമാനൻ അവരെ ഇങ്ങനെ പ്രകോപിപ്പിച്ചുകൊണ്ടിരുന്നാൽ അതു അവനും തങ്ങൾക്കും ഒരുപോലെ വിപത്തായിരിക്കും എന്ന് അവർ കരുതി.

കർത്താവ് വേഗത്തിൽ തന്റെ അനുയായികളെ ആശ്വസിപ്പിച്ചു. അവൻ പറഞ്ഞു, "എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു പോകും" (മത്തായി 15:13). "തൈ" എന്നു പറഞ്ഞിരിക്കുന്നത്, പരീശന്മാർ പഠിപ്പിക്കുന്ന മനുഷ്യ–നിർമ്മിതമായ സമ്പ്രദായങ്ങളെ അനുസരിക്കുന്നവരെ യും, ആ ഉപദേശത്തെ അടിസ്ഥാനമാക്കിയുള്ള പരീശന്മാരുടെ

വ്യവസ്ഥകളെയും ആണോ? “അവ എല്ലാം” എന്നതാണ് ശരിയായ ഉത്തരം. ന്യായപ്രമാണ ഉപദേശങ്ങളായിരുന്നു ദൈവം “നട്ടത്,” എന്നാൽ പരീശന്മാരുടെ സമ്പ്രദായങ്ങളെ അവൻ ‘‘നട്ടിരുന്നില്ല.’’ ഉപദ്രവകാരികളായ കളകൾ തോട്ടത്തിലെ നല്ല ചെടികളെ ഞെരുക്കിക്കളയുന്നതുപോലെ, മനുഷ്യ–നിർമ്മിത സമ്പ്രദായങ്ങൾ മനുഷ്യരുടെ ഹൃദയങ്ങളിൽനിന്നും ജീവിതങ്ങളിൽ നിന്നും ദൈവവചനത്തെ നീക്കം ചെയ്യുന്നു (മത്തായി 15:3, 6, 9). ശ്രദ്ധാലുവായ തോട്ടക്കാരൻ തോട്ടത്തിലെ കളകൾ പിഴുതുകളയുന്നു, അതു പോലെ – അവസാനം – ദുരുപദേഷ്ടാക്കന്മാരെയും അവരുടെ ഉപദേശങ്ങളേയും ദൈവം പിഴുതുകളയും.

വിഷമിച്ച അപ്പൊസ്തലന്മാരോട് ക്രിസ്തു പറഞ്ഞു, ‘‘അവരെ [പരീശന്മാരെ] വിടുവിൻ” (മത്തായി 15:14). അവൻ ശിഷ്യന്മാരോട് “അവരെ വിടുവിൻ” എന്നു പറഞ്ഞതു അവരുടെ ദുരുപദേശത്തെയും തെറ്റുകളെയും തുറന്നു കാണിക്കേണ്ട എന്ന അർത്ഥത്തിലല്ല. അങ്ങനെ ആണെങ്കിൽ അതു അവൻ ചെയ്തുകൊണ്ടിരിക്കുന്നതിനു തന്നെ വിരുദ്ധമാകും (മത്തായി 23 നോക്കുക). മറിച്ച്, അവൻ പറഞ്ഞത്, “അവരുടെ കോപം[2] ശ്രദ്ധിക്കേണ്ട” എന്നാണ്. ലിവിങ്ങ് ബൈബിളിൽ “അവരെ കണക്കാക്കേണ്ട” എന്നാണ്.

പരീശന്മാരുടെ ദേഷ്യം ഭയപ്പെടേണ്ടതില്ല എന്നതിനു യേശു ആദ്യം ഒരു കാരണം നൽകി: അവസാനം, ദൈവം അവരെ നോക്കിക്കൊള്ളും. ഇപ്പോൾ അവൻ മറ്റൊരു കാരണം നല്കുന്നു: “അവർ കുരുടന്മാരായ[3] വഴികാട്ടികൾ. കുരുടൻ കുരുടനെ വഴി കാട്ടിയാൽ, രണ്ടുപേരും[4] കുഴിയിൽ വീഴും” (മത്തായി 15:14). പരീശന്മാർ അവരുടെ ദുരഭിമാനം, നിഗളം, സ്വാർത്ഥ–താൽപര്യം എന്നിവ നിമിത്തമായിരുന്നു കുരുടന്മാ രായി തീർന്നത്. അവരുടെ അന്ധത, ക്രമേണ അവരെ നശിപ്പിക്കും.

വാസ്തവത്തിൽ, ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞതു, “നശിച്ചു കൊണ്ടിരിക്കുന്ന ചെടികളോ” “കുരുടന്മാരായ വഴി കാട്ടികളോ” ശരിയായതു ഉപദേശിക്കുന്നതിൽ നിന്നും ചെയ്യുന്നതിൽ നിന്നും നിങ്ങളെ വേർപിരിക്കുവാൻ അനുവദിക്കരുത് എന്നാണ്. നമ്മുടെ വഴിയിൽ നാം ശത്രുക്കളെ ഉണ്ടാക്കാതിരിക്കുമ്പോൾ, എതിരാളികൾ നമ്മെ നിരാശപ്പെടുത്തി, വിട്ടുകളയുവാൻ നാം തയ്യാറാകരുത് എന്നതാണ് നമുക്ക് ഉള്ള പാഠം.

---

കുറിപ്പുകൾ

[1]ഗ്രീക്കിൽ നിന്നു തർജിമ ചെയ്തിരിക്കുന്ന “ഒഫെന്റ്” എന്ന വാക്കിന് പല അർത്ഥ ങ്ങൾ ഉണ്ട്, അതിൽ “ഇടർച്ച” എന്നതും ഉൾപ്പെടുന്നു. ഈ വാക്യങ്ങളുടെ കൂടുതൽ വിശദീകരണത്തിനു എൻഎ എസ്ബി വെർഷൻ വായിക്കുക. ചർച്ചക്കുവേണ്ടി, “മറ്റൊരാളെ ദേഷ്യ പ്പെടുത്തുക അല്ലെങ്കിൽ നീരസപ്പെടുത്തുക” എന്നടക്കമുള്ള, ലഭ്യമായ *എല്ലാ* അർത്ഥങ്ങളും ഞാൻ ഉൾപ്പെടുത്തുന്നുണ്ട്. [2]ആ പ്രസ്താവന സങ്കീർത്തനങ്ങൾ 37:1, 2–മായി താരതമ്യം ചെയ്യുക. [3]മത്തായി 23:16, 17, 19 വായിക്കുക. [4]ദുരുപദേഷ്ടാക്കന്മാരെപോലെ തന്നെ അവരെ അനുഗമിച്ച വർക്കും അവരുടെ ദുരുപദേശങ്ങൾക്കും അവരാണ് ഉത്തരവാദികൾ എന്നാണ് ആ വേദഭാഗം പഠിപ്പിക്കുന്നത്.

# യേശുവിന്റെ പരിമിത ആജ്ഞയിലെ കുറിപ്പുകൾ

**മത്തായി 10:9, 10:** "*മടിശ്ശീലയിൽ* പൊന്നും വെള്ളിയും, ചെമ്പും, വഴിക്കു *പൊക്കണവും* രണ്ട് ഉടുപ്പും, ചെരിപ്പും വടിയും കരുതരുത്." "മടിശീല" എന്ന പ്രയോഗം "ഗർഡിൽ" എന്നതിനുള്ള ഗ്രീക്ക് വാക്കിൽനിന്നു തർജ്ജിമ ചെയ്തതാണ്, അതു തോൽ കൊണ്ടുള്ളതോ അല്ലെങ്കിൽ തുണികൊണ്ടു ള്ളതോ അരയ്ക്കുചുറ്റിക്കെട്ടുന്നതാണ്. ചിലപ്പോൾ അതിൽ പണം രഹസ്യ മായി സൂക്ഷിച്ചിരുന്നു (മർക്കൊസ് 6:8 നോക്കുക), അതാണ് "മടിശീല" നൽകുന്ന ആശയം. "പൊക്കണം" എന്നത് യാത്രയ്ക്കു സാധനങ്ങൾ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന തോൽ സഞ്ചി ആയിരുന്നു. അത് രാത്രിയാത്രയ്ക്കുള്ള ബാഗുമായോ അല്ലെങ്കിൽ ഒരു ബാക്പാക്ക് ബാഗു മായോ താരതമ്യം ചെയ്യാം. അപ്പൊസ്തലന്മാർക്ക് ഒന്നും കൊണ്ടുപോകേണ്ട ആവശ്യമില്ലാതിരുന്നതുകൊണ്ട്, അവർക്ക് അത്തരം പൊക്കണം ആവശ്യ മില്ലായിരുന്നു.

**മർക്കൊസ് 6:10:** യേശു പറഞ്ഞു, "നിങ്ങൾ എവിടെയെങ്കിലും ഒരു വീട്ടിൽ ചെന്നാൽ, അവിടം വിട്ടുപുറപ്പെടുവോളം *അതിൽതന്നേ പാർപ്പിൻ*" (മത്തായി 10:11; ലൂക്കൊസ് 9:4 നോക്കുക). ഒരാൾ വീട്ടിൽ പ്രവേശിക്കു കയും അവിടം വിട്ടുപോവുകയും ചെയ്യുന്നത് സാധാരണ സമയം–ചിലവ ഴിക്കുന്ന ആഘോഷമായിരുന്നു (നോക്കുക ലൂക്കൊസ് 7:44–46). ഓരോ പട്ടണത്തിലും ഒന്നിലധികം വീടുകളിൽ അപ്പൊസ്തലന്മാർ താമസിക്കുന്നത് അവരുടെ ജോലിയുടെ സമയം കുറയ്ക്കുമായിരുന്നു.

**മത്തായി 10:12, 13:** "ആ വീട്ടിൽ ചെല്ലുമ്പോൾ, അതിന്നു വന്ദനം പറ വിൻ. വീട്ടിന്നു യോഗ്യതയുണ്ടെങ്കിൽ, നിങ്ങളുടെ *സമാധാനം അതിന്മേൽ വരട്ടെ.* യോഗ്യതയില്ല എന്നു വരികിൽ, സമാധാനം നിങ്ങളിലേക്ക് മടങ്ങി പ്പോരട്ടെ." സാധാരണ രീതിയിൽ ഒരു വീട്ടിൽ ചെല്ലുമ്പോൾ "ഈ വീട്ടിന്നു സമാധാനം" എന്നാണ് വന്ദനം പറഞ്ഞിരുന്നത്. എങ്ങനെയായാലും, ആ വീട്ടുകാർ, അപ്പൊസ്തലന്മാരുടെ സന്ദേശം തള്ളിക്കളഞ്ഞാൽ, ആ വന്ദന ത്തിൽ നൽകിയതായ "സമാധാനം" അവർക്കു ലഭിക്കുമായിരുന്നില്ല (വാ. 14, 15 നോക്കുക).

**മത്തായി 10:14:** "ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും, നിങ്ങ ളുടെ വചനങ്ങളെ കൈക്കൊള്ളാതെയുമിരുന്നാൽ, ആ വീടോ പട്ടണമോ വിട്ടുപോകുമ്പോൾ, *നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളവിൻ*" (മർക്കൊസ് 6:11; ലൂക്കൊസ് 9:5 നോക്കുക). ജാതികളിൽപ്പെട്ട അവിശ്വാസികൾ സ്പർശി ക്കുന്നതെന്തും "അശുദ്ധം" ആയിട്ടാണ് യെഹൂദന്മാർ വിശ്വസിച്ചിരുന്നത്. അതുകൊണ്ട്, ജാതികളുടെ പട്ടണ ത്തിൽനിന്ന് അവർ പാലസ്തീനിലേക്ക് മടങ്ങിവരുമ്പോൾ, ജാതികളുടെ മാലിന്യം പുരണ്ട പൊടി അവരുടെ കാലിൽനിന്ന് തട്ടിക്കളയുമായിരുന്നു. യേശുവിന്റെ ആ ആലങ്കാരികമായി ട്ടുള്ള പ്രവർത്തി സൂചിപ്പിച്ചതെന്തെന്നാൽ അവിശ്വാസികളായ യെഹൂദന്മാർ അവിശ്വാസികളായ ജാതികളെക്കാൾ ഒട്ടും നല്ലവരല്ല എന്നാണ്. (*ട്രൂത്ത്*

*ഫോർ ടുഡേ* [സെപ്റ്റംബർ 1995] "പ്രവൃത്തികൾ, 5" ലക്കത്തിലെ പ്രവൃത്തികൾ 13:51 നെ കുറിച്ചുള്ള കുറിപ്പുകൾ ഉള്ള പേജ് നോക്കുക.)

**മത്തായി 10:17:** "... മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ, അവർ നിങ്ങളെ ... തങ്ങളുടെ *പള്ളികളിൽവെച്ചു ചമ്മട്ടികൊണ്ടു അടിക്കയും* ചെയ്യും." പള്ളികളിൽ നടത്തിയിരുന്ന അങ്ങേയറ്റത്തെ ശിക്ഷാനടപടിയായിരുന്നു ചാട്ട കൊണ്ടുള്ള അടി (അടിക്കൽ, ചാട്ട അടിക്കൽ). അതു നടപ്പിലാക്കിയിരുന്നത് "ശുശ്രൂഷക്കാരൻ" ആണ്. (ഈ പുസ്തകത്തിൽ തന്നെ ആരംഭത്തിലുള്ള "ത്യജിക്കലിനെ എങ്ങനെ കൈകാര്യം ചെയ്യാം" എന്നതും "നിങ്ങൾ വിശ്വസിക്കുന്നുവോ," എന്നതുമായ പാഠങ്ങളിൽ പള്ളിശുശ്രൂഷക്കാരെ പറ്റി പറയുന്ന കുറിപ്പുകൾ നോക്കുക.)

**മത്തായി 10:23:** "... *മനുഷ്യപുത്രൻ വരുവോളം* നിങ്ങൾ യിസ്രായേൽ പട്ടണങ്ങളെ സഞ്ചരിച്ചുതീരുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." "ഈ അദ്ധ്യായത്തിലെ ഏറ്റവും വിഷമമുള്ള വാക്യം"[1] ആയിട്ട് ഇതിനെ കരുതുന്നു, അതിനു മുഖ്യമായ കാരണം എന്തെന്നാൽ "വരുന്നു" എന്ന വാക്കിന്റെ പ്രാധാന്യത്തെ കുറിച്ചു നമുക്കു തീർച്ചയില്ല. "വരുന്നു" എന്ന വാക്ക് സൂചിപ്പിക്കുന്നത് ഏ.ഡി. 70–ൽ യെരുശലേം നശിപ്പിക്കപ്പെട്ടപ്പോൾ യെഹൂദന്മാർക്കെതിരെ കർത്താവു ന്യായം വിധിച്ച് വരുന്നതിനെ ആകാം; അതു ആ വേദഭാഗത്തെ വാക്യം 15–മായി യോജിപ്പിക്കുന്നു. ആ വേദഭാഗത്തിന്റെ അർത്ഥം യേശു അവരുടെ പിന്നിൽ വരുന്നു എന്നാകുവാനും സാധ്യതയുണ്ട് – അതേ പട്ടണങ്ങളിൽ (മത്തായി 11:1 നോക്കുക).[2]

**മത്തായി 10:25:** "അവർ *വീട്ടുടയവനെ ബെയെൽസെബൂൽ എന്നു വിളിച്ചു* എങ്കിൽ. ..." പിശാചിന്റെ ശക്തികൊണ്ടാണ് യേശു ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന ദൈവദൂഷണം പരീശന്മാർ യേശുവിൽ ആരോപിച്ചതിനെ ഇതു സൂചിപ്പിക്കുന്നു. (*ക്രിസ്തുവിന്റെ ജീവിതം, 4* ലെ "തിരക്കുള്ള ഒരു ദിവസം" എന്ന പാഠത്തിൽ ആ ആരോപണത്തെ സംബന്ധിച്ചുള്ള വിമർശനവും അതിനു യേശു നൽകിയ മറുപടിയും നോക്കുക.)

**മത്തായി 10:26:** "... അവരെ [നിങ്ങളെ ഉപദ്രവിക്കുന്നവരെ] ഭയപ്പെടേണ്ടാ, *മറെച്ചു വെച്ചതു ഒന്നും വെളിപ്പെടാതെയും, ഗൂഢമായത്* ഒന്നും അറിയാതെയും ഇരിക്കയില്ല." "മറെച്ചുവെച്ചതു" എന്നും "ഗൂഢമായതു" എന്നും യേശു പറഞ്ഞപ്പോൾ, അവൻ ഒരുപക്ഷെ സൂചിപ്പിച്ചത് അവനെയും, അപ്പൊസ്തലന്മാരെയും, അവരുടെ പ്രവർത്തികളെയും നശിപ്പിക്കുവാനുള്ള യേശുവിന്റെ ശത്രുക്കളുടെ പദ്ധതികളെ ആയിരിക്കാം. ലിവിങ് ബൈബിൾ പരാവർത്തനത്തിൽ ഉള്ളത് "അവരുടെ രഹസ്യമായ ആലോചനകൾ പരസ്യവിവരമായിത്തീർന്നു" എന്നാണ്. ആ വാഗ്ദാനം നിറവേറി; പിശാചിന്റെ ആ നിഗൂഢപദ്ധതികളെ നാം ഇന്നു പുതിയ നിയമത്തിൽ വായിക്കുന്നു.

**മത്തായി 10:41, 42:** "പ്രവാചകൻ എന്നു വെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന്നു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; *നീതിമാൻ എന്നുവെച്ച് നീതിമാനെ കൈക്കൊള്ളുന്നവന്നു നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവെച്ച് ഈ ചെറിയവരിൽ ഒരുത്തന്നു, ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല* എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു." അപ്പൊസ്തലന്മാരെ തള്ളിക്കളയുന്നവർ ശപിക്കപ്പെടുമെന്നു, യേശു നേരത്തെ പറയുക

യുണ്ടായി (വാ. 14, 15); ഇവിടെ അവൻ വാഗ്ദാനം നൽകുന്നത് അപ്പൊസ്തലന്മാരെയും അവരുടെ സന്ദേശത്തെയും കൈക്കൊള്ളുന്നവർ അനുഗ്രഹിക്കപ്പെടുമെന്നാണ്. സന്ദർഭത്തിൽ, "ഈ ചെറിയവരിൽ" എന്നു പറഞ്ഞിരിക്കുന്നതു ഒരുപക്ഷെ അപ്പൊസ്തലന്മാരെയാകാം. ഇവിടെ രക്ഷയുടെ ഒരു വസ്തുത മാത്രമാണ് പരിഗണിച്ചിട്ടുള്ളത് എന്നു നാം മനസിലാക്കണം: ഒരു പാനപാത്രം തണ്ണീർ കുടിപ്പാൻ കൊടുക്കുന്നതു സൂചിപ്പിക്കുന്നത് അപ്പൊസ്തലന്മാരെ സ്വീകരിക്കലാണ്. ഏതെങ്കിലും ഒരു പ്രവൃത്തിയാണ് (ഉദാഹരണത്തിനു ഒരു പാനപാത്രം തണ്ണീർ കൊടുക്കുന്നത്) രക്ഷ ഉറപ്പാക്കുന്നത് എന്നല്ല പറയുന്നത്. മറിച്ച്, മറ്റുള്ളവയും തുല്ല്യ പ്രാധാന്യമുള്ളവ ആകകൊണ്ട്, ശിഷ്യന്മാരെ കൈക്കൊള്ളുന്നവരാണ് രക്ഷിക്കപ്പെടുന്നത്.[3]

**മർക്കൊസ് 6:12, 13:** "അങ്ങനെ അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു. ... അവർ ... അനേകം രോഗികൾക്കു *എണ്ണ തേച്ചു* സൗഖ്യം വരുത്തുകയും ചെയ്തു." സൗഖ്യം വരുത്തുന്നതുമായി ബന്ധപ്പെട്ടുള്ള "എണ്ണ തേക്കൽ" (നോക്കുക യാക്കോബ് 5:14) ചിലപ്പോൾ നിഗൂഢതയുള്ളതാണ്. ആരെയെങ്കിലും എണ്ണ തേക്കുന്നതിനു മൂന്നു കാരണങ്ങളാണുണ്ടായിരുന്നത്: (1) അതിനു ആചാരപരമായ ഒരുദ്ദേശമുണ്ട് – ആചാരം നടപ്പിൽ–വരുന്നതിന്റെ ഭാഗമായിരുന്നു (പുറപ്പാട് 30:25, 26, 30; 1 ശമുവേൽ 9:16; 15:1; 16:13). (2) അതിനു പ്രായോഗികമായ ഒരു ഉദ്ദേശം ഉണ്ടായിരുന്നു – അതു വ്യക്തിപരമായ പരിചരിക്കലിന്റെ ഭാഗമായിരുന്നു (നോക്കുക രൂത്ത് 3:3; 2 ശമുവേൽ 14:2). ഇതുമായ ബന്ധത്തിൽ, ഒരാളുടെ മേൽ എണ്ണ തേക്കുന്നതു ആ വ്യക്തിക്ക് ഉന്മേഷം ലഭിക്കുന്നതിനാണ് (നോക്കുക ലൂക്കൊസ് 7:46; എബ്രായർ 1:9). (3) അതിനു ഒരു ഔഷധോദ്ദേശവുമുണ്ട് – മുറിവുകളുടെ ചികിൽസയുടെ ഭാഗമായിരുന്നു അത് (നോക്കുക യെശയ്യാവ് 1:6; ലൂക്കൊസ് 10:34); എണ്ണ മുറിവിനെ സാന്ത്വനപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യും. അപ്പൊസ്തലന്മാർ രോഗികളെ സൗഖ്യമാക്കുന്നതിനു മുൻപു എണ്ണ തേച്ചപ്പോൾ, അവർ എന്തെങ്കിലും പ്രത്യേക ആചാരം നടത്തുകയായിരുന്നോ? അവർ സാന്ത്വനം നൽകുന്ന സ്പർശനത്തോടെയുള്ള കരുതൽ ആയിരുന്നോ പ്രകടമാക്കിയത്? അവർ പ്രാഥമിക ഔഷധ ചികിൽസ ആയിരുന്നോ നടത്തിയത്?[4] സൗഖ്യപ്പെടുത്തുന്നതുമായ ബന്ധത്തിൽ യേശു ആരെയും എണ്ണ തേച്ചിട്ടുള്ളതിന്റെ രേഖയൊന്നും ഇല്ലാത്തതുകൊണ്ട്, അത് ഒരു അനിവാര്യ നടപടി ആയിരിക്കയില്ല. സൗഖ്യമാക്കുന്നതുമായുള്ള ബന്ധത്തിൽ യേശു ചിലപ്പോൾ ദൃഷ്ടാന്തമായ പ്രവൃത്തികൾ ചെയ്തിട്ടുണ്ട് – പീഢിതരെ സ്പർശിക്കുക, മണ്ണുകൊണ്ട് കണ്ണ് പൂശുക, അങ്ങനെ പലതും – അന്തിമഫലത്തിനു അതുമായി ഒരു ബന്ധവുമില്ലായിരുന്നു. അപ്പൊസ്തലന്മാരുടെ എണ്ണതേക്കൽ ഒരുപക്ഷെ ആ രീതിയിലുള്ളതാകാം.

---

കുറിപ്പുകൾ

[1]വിൽ എഡ് വാറെൻ, ക്ലാസ് സിലബസ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്: ദ സിനോപ്റ്റിക് ഗോസ്പെൽസ്*, ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1991, 41. [2]യെഹൂദന്മാരോട് ക്രിസ്തുവിന്റെ രണ്ടാം വരവു വരെ തുടർച്ചയായി സുവിശേഷം പ്രസംഗിച്ചുകൊണ്ടിരിക്കും എന്നുള്ള വാഗ്ദാനമായി ചിലർ ഇതിനെ കരുതുന്നു. അത്തരം ക്രിയാത്മക വാഗ്ദാനം സന്ദർഭാനു

സരണമല്ലെന്നു തോന്നുന്നു. [3]നാം ദൈവകൃപയാലാണ് രക്ഷിക്കപ്പെടുന്നതെന്ന കാര്യം എപ്പോഴും ഓർക്കണം (എഫെസ്യർ 2:8, 9). [4]അപ്പൊസ്തലന്മാർ അത്ഭുതരോഗശാന്തി നടത്തുവാൻ പുറപ്പെട്ടതുകൊണ്ട്, ഇതു അസാധ്യമാണ് എന്ന് തോന്നുന്നു; എന്നാൽ അതു സാധ്യതക്കപ്പുറത്താണ്. നമുക്ക് ചെയ്യുവാൻ കഴിയുന്നകാര്യങ്ങൾ ദൈവം ചെയ്യുകയില്ല എന്നത്, അന്ന് വാസ്തവമായിരുന്നതുപോലെ, ഇന്നും വാസ്തവമാണ്.